**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3162** | **13-07-2022 - ൽ മറുപടിയ്ക്ക്**

**പൊതുവിദ്യാലയങ്ങളുടെ പഠനനിലവാരം ഉയർത്തുന്നതിന് സ്വീകരിക്കുന്ന നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പൊതുവിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതോടൊപ്പം പഠനനിലവാരം ഉയർത്തുന്നതിനായി സ്വീകരിക്കുന്ന നടപടികളെക്കുറിച്ച് വിശദമാക്കുമോ; | (എ) | **നവകേരളമിഷന്റെ ഭാഗമായി ആരംഭിച്ച പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം പൊതുവിദ്യാഭ്യാസ സംവിധാനത്തിന്റെ സമഗ്രമായ ഉന്നമനമാണ് ലക്ഷ്യം വയ്ക്കുന്നത്. പൊതുസമൂഹത്തിന്റെ വർദ്ധിച്ച പിന്തുണയിലൂടെ ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തുന്നതിനും ലഭ്യമായ വൈദഗ്ധ്യത്തെ, കുട്ടിയുടെ ഗുണമേന്മയ്ക്കുപയുക്തമാക്കുന്നതിനും വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ കഴിഞ്ഞിട്ടുണ്ട്. ഗുണമേന്മയുള്ള വിദ്യാഭ്യാസം പകർന്നു നൽകി സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കാൻ ബഹുജനപങ്കാളിത്തത്തോടെ പ്രവർത്തിക്കുക എന്ന പ്രധാന ലക്ഷ്യം പൂർത്തീകരിച്ച് അന്താരാഷ്ട്ര നിലവാരത്തിലേക്ക് നമ്മുടെ വിദ്യാലയങ്ങൾ മാറിക്കൊണ്ടിരിക്കുകയാണ്. കഴിഞ്ഞ വർഷങ്ങളിൽ നടത്തിയ മികവാർന്ന പ്രവർത്തനങ്ങളുടെ ഫലമായി 10 ലക്ഷത്തിലധികം കുട്ടികളാണ് പൊതു വിദ്യാലയങ്ങളിൽ പുതിയതായി എത്തിച്ചേർന്നത് ഓരോ കുട്ടിയുടേയും ശേഷിയും പരിമിതിയും പരിഗണിച്ച് ആവശ്യ മായ പിന്തുണ നൽകുന്നതിനുള്ള വ്യക്തിഗത മാസ്റ്റർ പ്ലാൻ ഉൾപ്പെടെയുള്ള ആശയങ്ങൾ നടപ്പിലാക്കി. ടാലന്റ് ലാബ്, ജൈവ വൈവിധ്യ ഉദ്യാനം പോലുള്ള പഠന സൗകര്യങ്ങളും ഒരുക്കി.**<br><br>**വി.എച്ച്.എസ്.ഇ വിഭാഗം സ്വീകരിക്കുന്ന നടപടികൾ ചുവടെ ചേർക്കുന്നു.**<br><br>**1) On-the-Job Training (OJT) Programme to students.**<br><br>**2) Field visits to students.** |

| | | | |
|---|---|---|---|
| | | | **3) Experts Interactions of students with industrialists.**<br><br>**4) Up-Skilling of Trainers.**<br><br>**5) Training of Trainers (TOT) Programme.**<br><br>**6) Panel Discussion Industralists – Exploring the latest trends.**<br><br>**7) Entrepreneurship Development.**<br><br>**8) ACCESS – (A Comprehensive Community Evolved Social Service)**<br><br>**കൂടാതെ കുട്ടികളുടെ പഠന നിലവാരം ഉയർത്തുന്നതിനായി കരിയർ ഗൈഡൻസ് ആന്റ് കൗൺസിലിംഗ് സെല്ലിന്റെ (CGCC) ആഭിമുഖ്യത്തിൽ She Camp, Happy Learning, Cyber Awareness Programme, How are you, Career State etc തുടങ്ങിയ പദ്ധതികളും നടപ്പിലാക്കി വരുന്നു.** |
| (ബി) | മാറുന്ന കാലത്തിനനുസരിച്ച് അതുയർത്തുന്ന വെല്ലുവിളികളെ നേരിടാൻ പുതുതലമുറയെ പ്രാപ്തരാക്കാൻ അദ്ധ്യാപകർക്കായി നടത്തുന്ന പരിശീലന പരിപാടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ; | (ബി) | മാറുന്ന കാലത്തിന്റെ വെല്ലുവിളികൾ മറികടക്കുന്നതിന് പുതിയ തലമുറയെ പ്രാപ്തമാക്കുന്നതിനായി വിവിധ തരത്തിലുള്ള അധ്യാപക പരിശീലന പരിപാടികൾ അധ്യാപകർക്കായി നടത്തുന്നുണ്ട്. പൊതുവിദ്യാലയങ്ങളിലെ അധ്യാപകർക്കായി 10 ദിവസം നീളുന്ന പരിശീലനത്തിന്റെ ആദ്യഘട്ടമെന്ന നിലയിൽ 2022 മെയ് മാസത്തിൽ മൂന്നുദിന അധ്യാപക സംഗമങ്ങൾ റെസിഡൻഷ്യൽ ആയി നടത്തി. ബാക്കിയുള്ള ഏഴുദിന പരിശീലന പരിപാടിയുടെ മുന്നൊരുക്കങ്ങൾ നടന്നുവരുന്നു. അത് രണ്ടു ഘട്ടങ്ങളിലായി നടപ്പാക്കും. ഇതിനു പുറമെ 2019 മുതൽ സർവ്വീസിൽ പ്രവേശിച്ച അധ്യാപകർക്കായി പ്രത്യേക ഇൻഡക്ഷൻ പരിശീലനം 2022 ആഗസ്റ്റ് മാസം മുതൽ നൽകുന്നതാണ്. ഇതിനായുള്ള മുന്നൊരുക്കങ്ങൾ പൂർത്തിയായി വരുന്നു. നവാധ്യാപക സംഗമങ്ങളെന്ന പേരിൽ അധ്യയന വർഷത്തിൽ 10 ദിവസങ്ങളെടുത്താണ് ഈ പരിശീലന പരിപാടി സംഘടിപ്പിക്കുന്നത്. അടുത്ത ഒരു വർഷത്തെ സമഗ്രമായി കണ്ടു കൊണ്ടുള്ള ഈ അധ്യാപക പരിവർത്തന പരിപാടികൾ കുട്ടികൾക്ക് ആത്മവിശ്വാസം നൽകുന്നതും അവരുടെ അറിവും കഴിവും നൈപുണിയും വികസിപ്പിക്കുന്നതുമായ തരത്തിൽ ശാക്തീകരിക്കുന്ന തരത്തിലാണ് ചിട്ടപ്പെടുത്തിയിരിക്കുന്നത്. |

| | | | |
|---|---|---|---|
| | | | വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിൽ നടത്തുന്ന തൊഴിൽ പഠനം പൂർണ്ണമായും ദേശീയ നൈപുണ്യ യോഗ്യതാ ചട്ടക്കൂട് (NSQF) അധിഷ്ഠിതമാക്കുകയുണ്ടായി. കൂടാതെ പുതിയ തലമുറയെ തൊഴിൽ പ്രാപ്തരാക്കാൻ അധ്യാപകർക്കായി വർത്തമാനകാല പരിവർത്തനങ്ങളെപ്പറ്റിയുള്ള അവലോകനം നൽകികൊണ്ട് അവ കുട്ടികളിലേയ്ക്ക് പകർന്നു നൽകുന്നതിനുള്ള പലവിധ പരിശീലനങ്ങളും വകുപ്പ് നൽകി വരുന്നു. അവ ചുവടെ ചേർക്കുന്നു.<br><br>1) **Training of Trainers (TOT) Programme.**<br><br>**2) Various Job Role based Training for Teachers.**<br><br>**കൂടാതെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ട്രെയിനിംഗിന്റെ ആഭിമുഖ്യത്തിൽ ചുവടെ പറയുന്ന പരിശീലന പരിപാടികൾ നൽകി വരുന്നു.**<br><br>**1) Workshop for facilitating transformation (Teachers).**<br><br>**2) Workshop for capacity enhancement of Principals.**<br><br>**3) Women Empowerment training programme for Principals.** |
| (സി) | ശിശു കേന്ദ്രീകൃത വിദ്യാഭ്യാസം എന്ന സങ്കൽപ്പത്തിലൂന്നി നയം രൂപീകരിക്കുമ്പോഴും പ്രൈമറി ക്ലാസുകളിലെ ചില അദ്ധ്യാപകരിലെങ്കിലും കാലാനുസൃതമായ നയമാറ്റം ഉണ്ടാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | ശിശുകേന്ദ്രീകൃതമായി അധ്യയനം നടത്തുക എന്ന നയം അനുവർത്തിക്കുമ്പോഴും ചിലരെങ്കിലും ഈ നയത്തിനനുസൃതമായിട്ടല്ല ക്ലാസ്സ് മുറികളിൽ വിനിമയം നടത്തുന്നത് എന്നത് വസ്തുതയാണ്. അധ്യാപക പരിശീലനങ്ങളിലൂടെ സ്വയം നവീകരിക്കുന്നതിനും മാറുന്ന കാലത്തിനനുസരിച്ച് അധ്യാപന തന്ത്രങ്ങളിലും രീതികളിലും പുതിയ സമീപനങ്ങൾ സ്വീകരിക്കുന്നതിനും എല്ലാ അധ്യാപകരും തയ്യാറാകേണ്ടതുണ്ട്. അറിവിന്റെ നിർമ്മാതാക്കളായി കുട്ടികളെ കാണുന്നതിനും അവർക്ക് കൈത്താങ്ങാവാൻ സ്വയം സന്നദ്ധനാകുവാനും കഴിയുന്ന തരത്തിൽ അധ്യാപകർ നിരന്തരം നവീകരിക്കപ്പെടണം. അതിനാവശ്യമായ പരിശീലന പദ്ധതികൾ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി കൊണ്ടിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ